Std. III - Chapter 7 - Revision - Main points

പാഠം 7 – കല്പനകൾ: ജീവന്റെ വഴികൾ

No.	ചോദ്യം	ഉത്തരം
1	ഇസ്രായേൽക്കാർ ഈജിപ്തിൽനിന്ന് എങ്ങോട്ടാണ് യാത്ര തുടർന്നത്?	കാനാൻ ദേശത്തേക്കാണ് ഇസ്രായേൽക്കാർ യാത്ര തുടർന്നത്.
2	ഇസ്രായേൽക്കാരുടെ നേതാവ് ആരായിരുന്നു?	മോശയായിരുന്നു മവരുടെ നേതാവ്.
3	ദീർഘനാളത്തെ യാത്രയ്ക്കുശേഷം ഇസ്രായേൽക്കാർ എവിടെയെത്തി?	സീനായ് മരുഭൂമിയിലെത്തി.
4	സീനായ് മരുഭൂമിയിൽ ഇസ്രായേൽക്കാർ എവിടെയാണ് പാളയമടിച്ചത്?	സീനായ് മലയുടെ മുൻഭാഗത്ത് പാളയമടിച്ചു.
5	സീനായ് മലയിൽ ഇറങ്ങിവന്നത് ആരാണ്?	കർത്താവായ ദൈവമാണ് സീനായ് മലയിൽ ഇറങ്ങിവന്നത്.
6	ദൈവം ആരെയാണ് മലമുകളിലേക്ക് വിളിച്ചത്?	മോശയെയാണ് ദൈവം മലമുകളിലേക്ക് വിളിച്ചത്.
7	ദൈവം ഇസ്രായേൽക്കാരെ എങ്ങനെയാണ് ഈജിപ്തിൽനിന്ന് കൊണ്ടുവന്നത്?	കഴുകന്മാരുടെ ചിറകുകളിൽ സംവഹിക്കുന്നതുപോലെ തന്റെ അടുക്കലേക്ക് കൊണ്ടുവന്നു.
8	**2. ദൈവത്തിന്റെ വാക്കു കേൾക്കുകയും അവിടുത്തെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നാം ആരായിത്തീരും?**	എല്ലാ ജനങ്ങളിലുംവച്ച് ഏറ്റവും പ്രിയപ്പെട്ട ദൈവത്തിന്റെ സ്വന്തം ജനമായിത്തീരും.
9	ഇസ്രായേൽ ജനത്തെ ദൈവം എന്താണ് അറിയിച്ചത്?	ദൈവത്തിന്റെ വാക്കു കേൾക്കുകയും അവിടുത്തെ ഉടമ്പടി പാലിക്കുകയും ചെയ്താൽ അവർ ദൈവത്തിന്റെ സ്വന്തം ജനമായിരിക്കുമെന്ന് അറിയിച്ചു.
10	മോശ മലയിൽനിന്ന് താഴെയിറങ്ങി ആരെയാണ് വിളിച്ചത്?	ജനത്തിന്റെ ശ്രേഷ്ഠന്മാരെയാണ് മോശ വിളിച്ചത്.
11	കർത്താവ് കൽപിച്ച കാര്യങ്ങൾ മോശ ആരെയാണ് അറിയിച്ചത്?	ഇസ്രായേൽ ജനത്തെയാണ് മോശ അറിയിച്ചത്.
12	മോശ അറിയിച്ച കാര്യങ്ങൾക്ക് ഇസ്രായേൽ ജനത്തിന്റെ മറുപടി എന്തായിരുന്നു?	കർത്താവ് കൽപിക്കുന്നതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം എന്ന് ജനമെല്ലാം ഒരുമിച്ച് മറുപടി പറഞ്ഞു.
13	ഇസ്രായേൽ ജനത്തിന്റെ മറുപടി മോശ ആരെയാണ് അറിയിച്ചത്?	കർത്താവായ ദൈവത്തെയാണ് മോശ അറിയിച്ചത്.
14	ദൈവം മോശയ്ക്ക് എത്ര കല്പനകളാണ് നൽകിയത്?	പത്ത് കല്പനകളാണ് ദൈവം മോശയ്ക്ക് നൽകിയത്.
15	**1. ദൈവം പത്തു പ്രമാണങ്ങൾ മോശയ്ക്ക് നൽകിയത് എവിടെവച്ചാണ്?**	സീനായ് മലയിൽവച്ചാണ്.
16	ദൈവം പത്ത് കല്പനകൾ നൽകിയത് എന്തിലാണ് എഴുതിയിരുന്നത്?	രണ്ട് കൽപലകകളിലായാണ് പത്ത് കൽപനകൾ എഴുതിനൽകിയത്.
17	ദൈവം നല്കിയ പത്ത് കൽപനകൾ മറ്റെന്തെല്ലാം പേരിലാണ് അറിയപ്പെടുന്നത്?	ദൈവകല്പനകൾ അഥവാ പത്തു പ്രമാണങ്ങൾ എന്നാണ് അറിയപ്പെടുന്നത്.
18	ആദ്യത്തെ കല്പന എന്താണ്?	നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
19	രണ്ടാമത്തെ കല്പന എന്താണ്?	ദൈവത്തിന്റെ തിരുനാമം വ്യർഥാ പ്രയോഗിക്കരുത്.
20	മൂന്നാമത്തെ കല്പന എന്താണ്?	കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.

No.	ചോദ്യം	ഉത്തരം
21	നാലാമത്തെ കല്പന എന്താണ്?	മാതാപിതാക്കളെ ബഹുമാനിക്കണം.
22	അഞ്ചാമത്തെ കല്പന എന്താണ്?	കൊല്ലരുത്.
23	ആറാമത്തെ കല്പന എന്താണ്?	വ്യഭിചാരം ചെയ്യരുത്.
24	ഏഴാമത്തെ കല്പന എന്താണ്?	മോഷ്ടിക്കരുത്.
25	എട്ടാമത്തെ കല്പന എന്താണ്?	കള്ളസാക്ഷി പറയരുത്.
26	ഒൻപതാമത്തെ കല്പന എന്താണ്?	അന്യന്റെ ഭാര്യയെ മോഹിക്കരുത്.
27	പത്താമത്തെ കല്പന എന്താണ്?	അന്യന്റെ വസ്തുക്കൾ മോഹിക്കരുത്.
28	**3. പത്തു കല്പനകൾ എത്ര കൽപനകളിലായാണ് സംഗ്രഹിച്ചിരിക്കുന്നത്? അവ ഏതെല്ലാം?**	രണ്ട് കൽപനകളിലായാണ് സംഗ്രഹിച്ചിരിക്കുന്നത്. 1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം. 2. തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം.
29	**4. ജീവന്റെ വഴികൾ ഏവ?**	ദൈവകല്പനകളാണ് ജീവന്റെ വഴികൾ.
30	ദൈവികജീവിതത്തിൽ വളരാൻ നമുക്ക് എന്താണ് ചെയ്യേണ്ടത്?	ദൈവകല്പനകൾ പാലിച്ചുകൊണ്ട് ജീവിക്കണം.
31	സ്വർഗരാജ്യത്തിലേക്കുള്ള യാത്രയിൽ ശരിയായ വഴി കാണിച്ചുതരുന്നത് എന്താണ്?	ദൈവകല്പനകളാണ് ശരിയായ വഴി കാണിച്ചുതരുന്നത്.
32	ദൈവകല്പനകൾ നമ്മെ എന്താണ് പഠിപ്പിക്കുന്നത്?	ജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും ദൈവകല്പനകൾ നമ്മെ പഠിപ്പിക്കുന്നു.
33	ദൈവകല്പനകളെ വഴികാട്ടുന്ന ചൂണ്ടുപലകകളോട് ഉപമിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്?	നമ്മുടെ ജീവിതത്തിൽ ശരിയായ വഴി കാണിച്ചുതരുന്നതിനാലാണ്.
34	ദൈവകല്പനകൾ പഠിക്കുകയും പാലിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് എന്താണ് സാധിക്കുന്നത്?	സ്വർഗത്തിലേക്കുള്ള ജീവന്റെ വഴികളിലൂടെ സഞ്ചരിക്കാൻ നമുക്ക് സാധിക്കുന്നു.
35	പുറപ്പാട് 19:5..6ൽ ദൈവം ഇസ്രായേൽ ജനത്തോട് എന്താണ് ആവശ്യപ്പെടുന്നത്?	ദൈവത്തിന്റെ വാക്കു കേൾക്കുകയും അവിടുത്തെ ഉടമ്പടി പാലിക്കുകയും ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്.
36	ദൈവത്തിന്റെ വാക്കു കേൾക്കുകയും ഉടമ്പടി പാലിക്കുകയും ചെയ്താൽ ഇസ്രായേൽക്കാർക്ക് ലഭിക്കുന്ന അനുഗ്രഹം എന്താണ്?	എല്ലാ ജനങ്ങളിലുംവച്ച് ഏറ്റവും പ്രിയപ്പെട്ട ദൈവത്തിന്റെ സ്വന്തം ജനമായിരിക്കും.
37	ദൈവകല്പനകൾ പാലിക്കുന്നതിലൂടെ നാം ആരുടെ പ്രിയപ്പെട്ട ജനമായിത്തീരുന്നു?	ദൈവത്തിന്റെ പ്രിയപ്പെട്ട സ്വന്തം ജനമായിത്തീരുന്നു.